(ബി) പ്രസ്തുത ദേശീയ പാതയുടെ ഇരുവശമുള്ള കൈയ്യേറ്റങ്ങൾ ഒഴിപ്പിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ ;

(സി) നാളിതുവരെ പൊതുമരാമത്ത് വിഭാഗം ഉദ്യോഗസ്ഥർ ഇക്കാര്യങ്ങളിൽ നടത്തിയ നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ഡി) മേൽ പ്രവൃത്തികൾക്ക് ആവശ്യമായ തുക അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ ?

ഉത്തരം

(എ) സ്വീകരിക്കുന്നതാണ്. കൊല്ലം-തിരുമംഗലം ദേശീയപാത (എൻ.എച്ച്. -744) പേവ്ഡ് ഷോൾഡറോടുകൂടിയ രണ്ട് വരിപ്പാതയായി വികസിപ്പിക്കുന്നതിനായി 100 കോടി രൂപയുള്ള പ്രൊപ്പോസൽ 2015-16 വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി കേന്ദ്ര റോഡ് ഗതാഗത മന്ത്രാലയത്തിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

(ബി&സി) കയ്യേറ്റക്കാരെ ഒഴിപ്പിക്കാൻ നോട്ടീസുകൾ നൽകുകയും ബന്ധപ്പെട്ട റവന്യൂ അധികാരികളോട് അതിർത്തി നിർണ്ണയക്കല്ലുകൾ പുനഃസ്ഥാപിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതി കേന്ദ്ര സർക്കാരിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്. പദ്ധതിക്ക് അനുമതിയും അതിനുള്ള തുകയും കേന്ദ്ര സർക്കാർ ആണ് നൽകേണ്ടത്.

വെള്ളനാംതുരുത്ത് അഴീക്കൽ റോഡ് - CRF പദ്ധതി

333 (1368) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

CRF പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള വെള്ളനാംതുരുത്ത്-അഴീക്കൽ റോഡിന്റെ പ്രവൃത്തികൾ എന്ന് ആരംഭിക്കാൻ കഴിയുമെന്ന് അറിയിക്കുമോ ; എത്ര തുകയാണ് പദ്ധതിക്കായി നീക്കിവച്ചിട്ടുള്ളത് ; എത്ര കിലോമീറ്റർ റോഡാണ് പണിയുന്നത് ?

ഉത്തരം

വെള്ളനാംതുരുത്ത് - അഴീക്കൽ റോഡിന്റെ പണിക്കരുകടവ് മുതൽ അഴീക്കൽ വരെയുള്ള ഭാഗം 2013-14-ൽ കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരം ലഭിച്ച സെൻട്രൽ റോഡ് ഫണ്ട് പദ്ധതിയായ കരുനാഗപ്പള്ളി അമൃതപുരി-അഴീക്കൽ റോഡ് (12 കി.മി - 13 കോടി രൂപ) പ്രവൃത്തിയിൽ ഉൾപ്പെട്ടിട്ടുണ്ട്. 23-6-2015-ന് ഇതിന്റെ Tender-ന് Tender Committee അനുവാദം നൽകിയിട്ടുണ്ട്. പണി ഉടൻ ആരംഭിക്കുന്നതാണ്.

(നക്ഷത്രചിഹ്നമിടാത്ത 1026, 1043, 1072, 1077, 1083, 1087, 1097, 1104, 1105, 1114, 1115, 1124, 1125, 1157, 1167, 1168, 1177, 1236, 1366 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

LIBRARY ARCHIVES Kerala Legislative Assembly

9.30 AM]

II തിരുത്തിയ ഉത്തരം

നക്ഷത്രചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന്റെ തിരുത്തിയ ഉത്തരം

റവന്യൂവും കയറും വകുപ്പുമന്ത്രി (ശ്രീ. അടൂർ പ്രകാശ്) : പതിമൂന്നാം കേരള നിയമസഭയുടെ പന്ത്രണ്ടാം സമ്മേളനത്തിലെ നക്ഷത്രചിഹ്നമിടാത്ത 1258-ാം നമ്പർ ചോദ്യത്തിന് നൽകിയ ഉത്തരത്തിൽവന്ന തെറ്റ് തിരുത്തിക്കൊണ്ടുള്ള സ്റ്റേറ്റുമെന്റ് ഞാൻ സഭയുടെ മേശപ്പുറത്ത് വയ്ക്കുന്നു.

III സത്യപ്രതിജ്ഞ

മി. സ്പീക്കർ : ശ്രീ. കെ. എസ്. ശബരീനാഥന്റെ സത്യപ്രതിജ്ഞ സംബന്ധിച്ച അറിയിപ്പിനായി നിയമസഭാ സെക്രട്ടറിയെ ക്ഷണിക്കുന്നു.

നിയമസഭാ സെക്രട്ടറി (ശ്രീ. പി. ഡി. ശാരംഗധരൻ) : അരുവിക്കര അസംബ്ലി നിയോജകമണ്ഡലത്തിൽനിന്നും വിജയിച്ച ശ്രീ. കെ. എസ്. ശബരീനാഥൻ സത്യപ്രതിജ്ഞയ്ക്കായി സഭയിൽ സന്നിഹിതനായിട്ടുണ്ട്.

(ശ്രീ. കെ. എസ്. ശബരീനാഥൻ താഴെപ്പറയുംപ്രകാരം സത്യപ്രതിജ്ഞ ചെയ്തു)

ശ്രീ. കെ. എസ്. ശബരീനാഥൻ: ശബരീനാഥൻ കെ. എസ്. ആയ ഞാൻ നിയമസഭയിലെ ഒരംഗമായി തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതിനാൽ നിയമം വഴി സ്ഥാപിതമായ ഭാരതത്തിന്റെ ഭരണഘടനയോട് ഞാൻ നിർവ്യാജമായ വിശ്വസ്തതയും കൂറും പുലർത്തുമെന്നും ഞാൻ ഭാരതത്തിന്റെ പരമാധികാരവും അഖണ്ഡതയും നിലനിർത്തുമെന്നും ഞാൻ ഏറ്റെടുക്കുവാൻ പോകുന്ന കർത്തവ്യം ഞാൻ വിശ്വസ്തതയോടുകൂടി നിർവ്വഹിക്കുമെന്നും ദൈവത്തിന്റെ നാമത്തിൽ സത്യം ചെയ്യുന്നു.

(ശ്രീ. കെ. എസ്. ശബരീനാഥനെ ബഹുമാനപ്പെട്ട സ്പീക്കറും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും അംഗങ്ങളും അഭിനന്ദിച്ചു. രജിസ്റ്ററിൽ ഒപ്പുവച്ചശേഷം അദ്ധ്യക്ഷവേദിയെ അഭിവാദ്യം ചെയ്ത് അദ്ദേഹം സ്വസ്ഥാനത്ത് പ്രവിഷ്ടനായി.)

LIBRARY ARCHIVES Kerala Legislative Assembly